2002 ജനുവരി 16-ലെ സർക്കാർ ഉത്തരവനുസരിച്ച് ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ശമ്പളം സംബന്ധിച്ച് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ

372 [2432] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002 ജനുവരി 16-ലെ സർക്കാർ ഉത്തരവിൽ ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ ശമ്പളം സംബന്ധിച്ച് എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) 1999-നും അതിനുമുമ്പും ഫുൾടൈം സ്കെയിലിൽ ശമ്പളം വാങ്ങിയിരുന്ന അദ്ധ്യാപകർക്ക് പ്രസ്തുത നിയന്ത്രണങ്ങൾ ബാധകമാക്കിയിരുന്നോ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, വർഷങ്ങളായി ജോലി ചെയ്തിരുന്ന പല അദ്ധ്യാപകർക്കും ഇൻക്രിമെന്റ് നിഷേധിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇൻക്രിമെന്റ് നിഷേധിക്കപ്പെട്ടവർക്ക് ആയത് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2002 ജനുവരി 16-ലെ ജി. ഒ. (പി.) 56/2002 ഫിൻ നമ്പർ ഉത്തരവ് അനുസരിച്ച് എയിഡഡ് പ്ലസ് ടു അദ്ധ്യാപകർക്ക് തസ്തിക നിലവിൽവന്ന തീയതി മുതൽ ശമ്പളം നൽകുന്നതാണ്. എന്നാൽ ശമ്പള കുടിശ്ശിക ഗസ്റ്റ് അദ്ധ്യാപകർക്ക് നൽകുന്ന വേതനത്തിന് തുല്യമായി മാത്രമേ നൽകുകയുള്ളൂ.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി ആന്റ് ഇ) ഇക്കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

മാവൂർ ഹയർസെക്കണ്ടറി സ്കൂളിൽ പുതിയ ബാച്ച്

373 [2433] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ ബാച്ച് ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ പുതിയ ബാച്ച് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എന്നത്തേയ്ക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇതുസംബന്ധിച്ച് അപേക്ഷകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) ആന്റ് (സി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രൻസിപ്പൽ നിയമനം

374 [2434] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച് എന്തെങ്കിലും അവ്യക്തത നിലനിൽക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതു സംബന്ധിച്ച് ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

ഹയർസെക്കണ്ടറി ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കാൻ നടപടി

375 [2435] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ആകെ ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് പുതുതായി അനുവദിച്ചതുൾപ്പെടെയുള്ള എത്ര പ്ലസ് ടു സ്കൂളുകളിലെ അദ്ധ്യാപകരുടെയും മറ്റു ജീവനക്കാരുടേയും വിദ്യാർത്ഥികളുടേയും ഭരണപരമായ കാര്യങ്ങളാണ് ഇവർ കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്രയും ജോലിഭാരം ഉള്ള പ്രസ്തുത വകുപ്പിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുവാനും ഓരോ ജില്ലകളിലും പ്രസ്തുത വകുപ്പിന്റെ ജില്ലാ ഓഫീസുകൾ സ്ഥാപിച്ച് ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കുവാനും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടേയും ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജീവനക്കാരുടെ എണ്ണം സംബന്ധിച്ച കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly